## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 3498** **25.06.2012-ൽ മറുപടിക്ക്.**

# നഗരൂരിൽ പോലീസ് സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) നഗരൂർ കേന്ദ്രമായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുവാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; | : (എ) പരിഗണനയിലുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അതു സംബന്ധിച്ച ഫയലിന്റെ നമ്പരും എത്രയാണെന്നും വിശദമാക്കാമോ; | : (ബി) പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട് ; മറ്റ് നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചു വരുന്നു. സർക്കാർ ഫയൽ നമ്പർ:51232/ഇ1/2010/ആഭ്യന്തരം. |
| (സി) പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ; | : (സി) പ്രദേശത്തിന്റെ സവിശേഷത, റിപ്പോർട്ട് ചെയ്യപ്പെടുന്ന കുറ്റകൃത്യങ്ങളുടെ എണ്ണം, പ്രസിദ്ധവും തിരക്കേറിയതുമായ ആരാധനാലയങ്ങൾ, ജനസംഖ്യ തുടങ്ങിയ പല ഘടകങ്ങളെ ആശ്രയിച്ചാണ് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത്. |

(മറുപുറം)

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനം കെട്ടിടം ലഭ്യമാക്കിയാൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് പരിഗണന നൽകുമോ ?

: (ഡി) മേൽപ്പറഞ്ഞ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ, പുതിയ പോലീസ് സ്റ്റേഷൻ ഒരു സ്ഥലത്ത് അനിവാര്യമാണെന്ന് കണ്ടെത്തിയാൽ കെട്ടിടം കണ്ടെത്തുന്നത് ശ്രമകരമായ ജോലിയാണ്. ആ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം കെട്ടിടം നൽകുന്നത് വളരെ സൗകര്യപ്രദമായിരിക്കും.

സെക്ഷൻ ഓഫീസർ